DESPATCHED
On. 22/06/2020



25/05/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.369(6)/2015**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2402/എസ്.ഐ.സി–ജി 5/2015)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എം.എം. ഷാഫി,
ചാവേറ്റിക്കുഴിയിൽ അനക്സ്,
പാങ്ങോട്, പാങ്ങോട് പി.ഒ.,
തിരുവനന്തപുരം–695 609 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡി.വൈ.എസ്.പി. (ഭരണവിഭാഗം),
ജില്ലാ പോലീസ് ഓഫീസ്, തിരുവനന്തപുരം റൂറൽ,
കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് എതിർവശം,
പി.എം.ജി., വികാസ് ഭവൻ –695033

2. അപ്പീൽ അധികാരി,
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്, തിരുവനന്തപുരം റൂറൽ,
കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് എതിർവശം,
പി.എം.ജി., വികാസ് ഭവൻ –695033

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 07.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.02.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16.02.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.02.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.03.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.03.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.എം. ഷാഫി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 20.12.2014 തീയതി മുഹമ്മദ് ജാസ് എന്നയാൾ ആഭ്യന്തര മന്ത്രിക്ക് അയച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ വിളിച്ചു വരുത്തി ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ ഓഫീസിൽ മൊഴി രേഖപ്പെടുത്തിയിരുന്നുവെന്നും ആയതിന് മുമ്പ് 14.05.2014 തീയതി പാങ്ങോട് എസ്.ഐ.യും സംഘവും ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ടിയാന്റെ വീട്ടിൽ പരിശോധന നടത്തിയെന്നും യാതൊരു രേഖയും ലഭിച്ചില്ലെന്നു പ്രസ്താവിച്ച് സെർച്ച് മെമ്മോ ഒപ്പിട്ട് മടങ്ങിയെന്നും ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി നൽകിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ കിളിമാനൂർ സി.ഐ. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. മുഹമ്മദ് ജാസ് അയച്ച ഇ-മെയിൽ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിരുന്നതെന്നും ആയതിനാൽ ടി വ്യക്തിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഒരു അപേക്ഷ നൽകിയിരുന്നുവെന്നും ആയതു നൽകാൻ കഴിയില്ലെന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചതെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും രണ്ടാം എതിർകക്ഷിയും ടി രേഖ നൽകിയില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, കുറേ നാളുകളായി ടിയാനോട് വ്യക്തി വിരോധമുള്ള ഒരു കുടുംബത്തിലെ മാതാവും പിതാവും മകനും ചേർന്ന് ടിയാനെതിരെ വ്യാജ പരാതികൾ നൽകുകയാണെന്നും അതു പ്രകാരം ടിയാന്റെ വീട്ടിൽ റെയ്ഡ് നടത്തിയിരുന്നുവെന്നും എന്നാൽ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും 20.12.2014 തീയതി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസിൽ ടിയാനെ വിളിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി പരാതിയുടെ പകർപ്പ് നൽകണമെന്നുമാണ്. ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 8(1)(ജി)(ജെ) വകുപ്പുകൾ പ്രകാരം നൽകാൻ കഴിയില്ലെന്ന് അറിയിച്ചതായി കാണുന്നു.

3. ടി മറുപടിക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പരാതിയുടെ പകർപ്പിൽ ടിയാന്റെ പേര് വിവരങ്ങൾ വെളിപ്പെടുത്തുന്നത് ടിയാന് ഭീഷണിയാകുമെന്ന് പരാതിക്കാരൻ സൂചിപ്പിച്ചിട്ടുളതിനാൽ ആയത് വിവരാവകാശ നിയമത്തിലെ 8(1)(ജി)(ജെ) വകുപ്പുകൾ പ്രകാരം നൽകാൻ കഴിയില്ലെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷികൾ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാത്തത് വിവരാവകാശ നിയമത്തിലെ 8(1)(ജി)(ജെ) വകുപ്പുകൾ പ്രകാരമാണെന്നു കാണുന്നു. ഹർജിക്കാരനെതിരെ പരാതി നൽകിയ വ്യക്തി നൽകിയ പരാതി രഹസ്യമായി

സൂക്ഷിക്കണമെന്ന് ടിയാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ആയത് നിയമാനുസൃതമായി കാണുന്നു. ആയതിനാൽ ടി പരാതിയുടെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട വ്യക്തിയുടെ ജീവന് ഭീഷണിയായി തീരുമെന്ന നിലയിലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷികൾ നിരസിച്ചിട്ടുള്ളതെന്നു കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മെയ് 25-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp